## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1742 01.11.2019 ൽ മറുപടിക്ക്

**കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ഫീസാനുകൂല്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് : | ഡോ.കെ.ടി.ജലീൽ<br>(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട്പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട ഫീസാനുകൂല്യം നിഷേധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ ഓൺ ലൈൻ സംവിധാനം വഴി അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ ഒരു ലക്ഷം രൂപ വരെ വരുമാനം ഉള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഇ-ഗ്രാന്റ് സംവിധാനം മുഖേന ഫീസാനുകൂല്യം നൽകി വരുന്നു. |
| (ബി) | കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ മാനേജ്മെൻറ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഫീസാനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതിയിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (ബി) | കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നത് യൂണിവേഴ്സിറ്റിയുടെ ഓൺലൈൻ സംവിധാനം വഴി അല്ല. അതാത് മാനേജ്മെന്റുകൾ നേരിട്ടാണ് നിയമനം നൽകുന്നത്. ആ വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് നിലവിൽ ഫീസാനുകൂല്യം നൽകി വരുന്നില്ല. ഈ വിഷയത്തിൽ കൊട്ടിയം മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കോളേജിലെ ബിരുദ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി സർക്കാർ പരിശോധിച്ചു വരുന്നു. എന്നാൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് ഫീസാനുകൂല്യം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ